പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

27.06.2014-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4676

പ്രാചീനരേഖകളുടെയും ലിഖിതങ്ങളുടെയും സംരക്ഷണം

ചോദ്യം

ശ്രീ. വി.പി. സജീന്ദ്രൻ

മറുപടി

ശ്രീ. കെ.സി.ജോസഫ്

(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പുരാരേഖാ വകുപ്പിൽ പ്രാചീന ലിപികൾ കൈകാര്യം ചെയ്യാൻ വൈദഗ്ദ്യമുള്ള ഉദ്യോഗസ്ഥരുടെ തസ്തിക നിലവിലുണ്ടോ ; | (എ) | നിലവിലുണ്ട്. |
| (ബി) | കേരളത്തിന്റെ സാംസ്കാരികവും പൗരാണികവും പരമ്പരാഗതവുമായ അറിവുകൾ പുതു തലമുറയ്ക്ക് പകർന്ന് നൽകുന്ന പ്രാചീന രേഖകളും ലിഖിതങ്ങളും സംരക്ഷിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനുമായി സർക്കാർ എന്ത് നടപടി സ്വീകരിച്ച് വരുന്നുവെന്നു വ്യക്തമാക്കുമോ ; | (ബി) | വകുപ്പിൽ സൂക്ഷിച്ചിരിക്കുന്ന റിക്കാർഡുകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഫ്യൂമിഗേഷൻ, ഡീ-അസിഡിഫിക്കേഷൻ, മെന്റിംഗ്, ലാമിനേഷൻ, ബൈന്റിംഗ്, ഡിജിറ്റലൈസേഷൻ എന്നീ പ്രക്രിയകൾ യഥാസമയം നടത്തി വരുന്നു. വകുപ്പിലെ പ്രധാനപ്പെട്ട രേഖകൾ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിച്ച് വരുന്നു. ഇതിന്റെ മേൽനോട്ടത്തിനായി ഒരു എഡിറ്റോറിയൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ ചരിത്ര പ്രാധാന്യമുള്ള മതിലകം രേഖകൾ സംരക്ഷിക്കുന്നതിനും പഠനത്തിനുമായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ